# അമേരിക്കൻ കഥകൾ

## മിനികഥകൾ രണ്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി വീണ്ടും അമേരിക്കൻ കഥകൾ പറയാൻ തുടങ്ങി. അന്നച്ചിയുടെ കൊച്ചുപ്പാപ്പന്റെ മകൻ ചാക്കോ അമേരിക്കയിൽ എത്തിയപ്പോൾ ചേട്ടന്മാർ മൂന്നു പേരും അവരുടെ ഭാര്യമാരും അവിടെ എത്തി വീടുകൾ വാങ്ങി താമസിച്ചു തുടങ്ങി കഴിഞ്ഞിരുന്നു. ചാക്കോയുടെ ഭാര്യ റീനയും അമേരിക്കയിൽ എത്തി ആറുമാസം കഴിഞ്ഞപ്പോൾ സോഫ്റ്റുവയർ എഞ്ചിനീയറായ ചാക്കോയും എത്തി. റീനാ വന്നപ്പോൾ മുതൽ എന്റെ ഭർത്താവ് എഞ്ചിനീയറാണെന്ന് പറഞ്ഞ് അഹങ്കരിച്ചു നടക്കുകയായിരുന്നു.

ചാക്കോയുടെ മൂത്ത ചേട്ടൻ ഒരു നേഴ്സിനെ വിവാഹം കഴിച്ച് അമേരിക്കയിൽ എത്തിയപ്പോൾ അവന്റെ അപ്പൻ അനിയന്മാരെ ഓരോരുത്തരെ അതുപോലെ ഓരോ നേഴ്സിനെ കൊണ്ട് വിവാഹം കഴിപ്പിച്ച് അമേരിക്കയിൽ എത്തിക്കാൻ തുടങ്ങി. അതുവെരെ അയാൾ നേഴ്സ് എന്നു പറയുന്നതിനെവളരെ വെറുപ്പോടെ കണ്ടിരുന്നതാണ്.

ചേട്ടന്മാർ മൂന്നു പേരും പഠിക്കാൻ തീരെ കഴിവില്ലാത്തവരായിരുന്നു. മൂത്ത ചേട്ടൻ പട്ടാളത്തിൽ പോയ് കഷ്ടപ്പെട്ട് പണമുണ്ടാക്കി, കിട്ടിയതു മുഴുവനും വീട്ടിലയച്ചു കൊടത്താണ് ആ കുടുംബം കര കേറിയത്. എന്നാൽ അയാൾ മറിയം എന്ന നേഴ്സിനെ സ്നേഹിച്ച് കേരളത്തിന് വെളിയിൽ വെച്ച് രജിസ്ട്രഡ് വിവാഹം കഴിച്ച് അന്നച്ചിയുടെ സഹായത്തോടെ അമേരിക്കയിൽ എത്തിയതോടെ അവരുടെ അപ്പന്റെ നിലപാടു മാറി. അങ്ങിനെയാണ് അനിയന്മാരെ രണ്ടു പേരേയും നേഴ്സുമാരെ കൊണ്ടു വിവാഹം കഴിപ്പിച്ച് അമേരിക്കയിൽ എത്തിച്ചത്.

മൂത്ത ചേട്ടന്മാർ രണ്ടു പേരും ഹൈസ്ക്കൂളും പാസായ ശേഷം അപ്പനെ കൃഷയിൽ സഹായിച്ച് കഴിഞ്ഞിരുന്നവരായിരുന്നു. എന്നാൽ അവർ രണ്ടു പേരും ഉൾപ്പെടെ മൂന്നു മക്കൾ അമേരിക്കയിൽ ആയപ്പോൾ അവരുടെ നാട്ടിലെ വീട് വലിയ ബംഗ്ലാവ് ആയി. സോഫ്ട്വയർ എഞ്ചിനീയറാകാൻ പഠിച്ചു കൊണ്ടിരുന്ന ചാക്കോയെ പിടിച്ച് കെട്ടിച്ചു, ഒരു നേഴ്സിനെ കൊണ്ട്.

അപ്പന്റെ കണക്ക കൂട്ട് വളരെ ശരിയായി. ചാക്കോ പഠനം സൂക്ഷം പൂർത്തി ആയപ്പോൾ അയാൾക്ക് ഭാര്യ റീനയുടെ അടുക്കൽ എത്താനായി വിസാ കിട്ടി. റീനായും പൊങ്ങി, തുള്ളിച്ചാടി.

അന്നച്ചിയുടെ അമ്മാച്ചന്റെ മകൻ തോമാസ് അന്നാച്ചിയുടെ സഹായത്തോടെ, അവൾക്ക് വളരെ പരിചയം ഉണ്ടായിരുന്ന ഒരു നേഴ്സിനെ കൊണ്ട് വിവാഹം കഴിപ്പിച്ച് അമേരിക്കയിൽ എത്തിച്ചിരുന്നു. തോമാസ് നല്ല വിദ്യാഭ്യാസമുള്ളവനും ബഹുമിടുക്കനുമായിരുന്നു. അയാൾ അമേരിക്കയിൽ വന്നപ്പോൾ തന്നെ ആറുമാസത്തെ ഒരു കോഴ്സിനു പഠിച്ച് റിയൽ എസ്റ്റേറ്റ് ബിസിനസ് തുടങ്ങി. അയാളുടെ സമയവും വളരെ നല്ലതായിരുന്നു. അയാൾ ഓരോരുത്തരെ ചാക്കിട്ടു പിടിച്ച് വീട് വിറ്റു കൊണ്ടിരുന്നു. അങ്ങിനെയാണ് ചാക്കോയുടെ ചേട്ടന്മാർ രണ്ടു പേരും സ്വന്തം വീടുകളിൽ താമസിക്കാൻ ഇടയായത്. എന്നാൽ റീന അവരുടെ ആരുടെ കൂടേയും താമസിക്കാതെ സ്വന്തമായി എപ്പാർട്ടുമെന്റിൽ താമസിക്കുകയായി. റീന വളരെ കഠിനാദ്ധ്യാനി ആയിരുന്നു. രണ്ടും മൂന്നും സ്ഥലങ്ങളിൽ മാറി മാറി രാപകലില്ലാതെ അദ്ധ്വാനിച്ച് വളരെ പണം പെട്ടെന്നുണ്ടാക്കി. "നിന്റെ ആരോഗ്യം നഷ്ടപ്പെടുത്തി നീ കാശുണ്ടാക്കാൻ പോകരുതെന്ന് അന്നച്ചി പല തവണ പറഞ്ഞിട്ടും അത് അസൂയകൊണ്ട് പറയുന്നതെന്നായിരുന്നു അവളുടെ ഭാഷ.

ദൈവാധിനം കൊണ്ട് ചാക്കോ വന്ന് അധികം താമസിയാതെ തന്നെ അയാൾക്ക് സോഫ്റ്റുവയർ എഞ്ചിനീയറായി ജോലി കിട്ടി. അപ്പോൾ റീനയുടെ അഹങ്കാരം ഒന്നു കൂടെ വർദ്ധിച്ചു. അയാൾക്ക് ഉപയോഗിക്കാനായി ഒരു ബെൻസു കാർ വാങ്ങിച്ചു. അവൾ ലക്സസ് കാറിലാണ് യാത്ര.

ചാക്കോയ്ക്ക് ജോലി ആയ് ഒരു മാസമായപ്പോൾ തോമാസ് ചാക്കിട്ട് അവരെ കൊണ്ട് പുത്തൻ ഒരു വീട് വാങ്ങിപ്പിച്ചു. ഏഴു ലക്ഷത്തിന്റെ വീട്. സത്യത്തിൽ അത് വീടല്ല; ഒരു കൊട്ടാരം ആയിരുന്നു. പറക്കുന്ന മാളിക. അവിടെ ഇല്ലാത്ത സൗകര്യങ്ങൾ ഒന്നും ഇല്ല. അന്നച്ചി വിലക്കിയതാണ്; കയ്യിൽ ഒതുങ്ങുന്നതേ വാങ്ങാവൂ. അന്നച്ചിക്ക് അസൂയ എന്നായിരുന്നു റീന. അന്നച്ചിയുടേതിനേക്കാളും നല്ല വീടായതുകൊണ്ട് അസൂയ എന്നായി റീന.

അധികം താമസിയാതെ റീന ഗർഭിണി ആയി. സമയമായപ്പോൾ സ്ക്കാൻ ചെയ്തു. ആൺകുട്ടി. റീനയ്ക്ക് സന്തോഷം കൊണ്ട് ഇരിക്കാൻ വയ്യ. ചാക്കോയുടെ ചേട്ടന്മാർക്കുണ്ടായത് രണ്ടെണ്ണവും പെൺകുട്ടികളാണ്. അവൾ പ്രസവിച്ചു. ഡോക്ടറന്മാർ പറഞ്ഞ അത്രയും കാലം വിശ്രമിക്കാൻ അവൾ തയാറല്ലായിരുന്നു. ഗർഭിണിയായിരുന്നപ്പോഴും വയറും വലിച്ച് കഷ്ടപ്പെട്ട് രണ്ട് സ്ഥലത്ത് ജോലി ചെയ്തു. കൂടെ ജോലി ചെയ്തവർ എല്ലാം അവളെ എല്ലാ വിധത്തിലും എപ്പോഴും സഹായിച്ചിരുന്നു അവരെല്ലാം ഗുണദോഷിച്ചു: റീനേ ആവശ്യത്തിന് വിശ്രമം വേണം. അവൾക്കത് ചിന്തിക്കാൻ കഴിയത്തില്ല. ഇത്രയും വലിയ വീടിന്റെ പേയ്മെന്റ്. രണ്ട് വിലകൂടിയ കാറിന്റെ പേയ്മെന്റ്. വീടിന്റേയും കാറുകളുടേയും ഇൻഷറൻസ്. പ്രോപ്രറ്റി ടാക്സ്. ഫെഡറൽ ടാക്സ്. സ്റ്റേറ്റ് ടാക്സ്. സിറ്റി ടാക്സ്. പിന്നെ യൂറ്റിലറ്റി ബില്ലുകൾ. രണ്ടു വണ്ടികളുടെ മെയ്ന്റനൻസുകൾ. മറ്റുവീട്ടുചെലവുകൾ. വീടിന്റെ പേയ്മെന്റും ടാക്സുകളുംഎല്ലാം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുമ്പോൾ വെട്ടി കുറക്കാമെന്ന് തോമാസ് പറഞ്ഞ് മനസ്സിലാക്കിയിരുന്നു. എന്നാലും ഇപ്പോൾ ഈ പേയ്മെന്റെല്ലാം കൊടുക്കേണ്ടതാണ്. സാരമില്ല. എല്ലാം കൈകാര്യം ചെയ്യാം.

മോനുണ്ടായി ആറു മാസം കഴിഞ്ഞപ്പോൾ റീന വീണ്ടും അപ്രതീക്ഷിതമായ് ഗർഭിണി ആയ്. അതും സ്ക്കാൻ ചെയ്തപ്പോൾ ആൺകുട്ടി. അവൾ തുള്ളിച്ചാടി കാണുന്നവരോടെല്ലാം പറയാൻ തുടങ്ങി: കണ്ടോ ചാക്കോച്ചന്റെ ചേട്ടന്മാരെ പോലെയല്ല. അതറിഞ്ഞപ്പോൾ അരിശംമൂത്ത അന്നച്ചി പറഞ്ഞത്: അവൾ വല്ലപ്പോഴും കാലകത്തി കൊടുക്കാഞ്ഞിട്ടല്ലേ പിന്നേം പിന്നേം ആണുണ്ടായത്. അത് വാസ്തവവും ആയിരുന്നു. രണ്ടാമത്തെ പ്രസവത്തോടു കൂടി അവൾ പ്രസവം നിർത്തി.

മക്കളെ നോക്കാൻ ഒരു മദാമയെ നിർത്തി. മൂത്ത മോനേ നോക്കാൻ തിന്നവൾ തന്നെ. ഞങ്ങടെ മക്കളെ മദാമ്മയാ നോക്കുന്നതെന്നവൾ കാണുന്നവരോടെല്ലാം പറഞ്ഞു നടന്നു. രണ്ടാമത്തെ മകന് മൂന്നു വയസ് കഴിഞ്ഞപ്പോൾ ഒരു ദിവസം ഒരു കാർ അപകടം ഉണ്ടായി - ചാക്കോ മരിച്ചു. റീനായ്ക്ക് അത് താങ്ങാവുന്നതിനപ്രമായിരുന്നു. ഒരു മാസത്തിനകം അവൾ അറിഞ്ഞത്: അവൾക്ക് ക്യാൻസർ. കൂടി വന്നാൽ ആറു മാസം മാത്രമേ അവൾ ജീവിച്ചിരിക്കുകയുള്ളു.

പിന്നെല്ലാം പെട്ടന്നായിരുന്നു: വീട് കിട്ടിയ വിലക്ക് വിറ്റു. ബെൻസു കാർ വിറ്റു. ചെറിയ ഒരു എപ്പാർട്ടുമെന്റിൽ ആയ് താമസം. എന്തായാലും ചേട്ടന്മാർ മൂന്നുപേരും ആൺമക്കളെ രണ്ടു പേരെയും വളർത്താമെന്നേറ്റു. അവസാനം അവളുടെ താമസം അവരുടെ കൂടെ ആയി. അവരുടെ ഒരാളിന്റെ വീട്ടിൽ അവളുടെ അന്ത്യമായി.